**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1354** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സൗഹൃദ വിദ്യാലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിനായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) | വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം വഴി മോഡൽ ഇൻക്ലൂസീവ് സ്കൂൾ എന്ന പദ്ധതി 2022-23 വർഷം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി ബജറ്റിൽ 2202-02-109-71 (പി) എന്ന ശീർഷകത്തിൽ അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കൂടാതെ 4202-01-202-93-02 (പി) എന്ന ശീർഷകത്തിൽ 1500 ലക്ഷം രൂപയും വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിലേയ്ക്കായി വകയിരുത്തിയിട്ടുണ്ട്. 2022 ഏപ്രിൽ, മെയ് മാസങ്ങളിൽ എസ്.സി.ഇ.ആർ.ടി.-യുടെ ആഭിമുഖ്യത്തിൽ നടന്ന അവധിക്കാല അധ്യാപക സംഗമത്തിൽ "ഭിന്നശേഷി സൗഹൃദ വിദ്യാലയം" സംബന്ധിച്ച് കേരളത്തിലെ പൊതു വിദ്യാലയത്തിലെ മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ